**അറിയിപ്പ്**

<u>അംഗങ്ങളുടെ രാജി</u>

<u>മി. സ്പീക്കർ</u>: വട്ടിയൂർക്കാവ് നിയമസഭാ നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. കെ. മുരളീധരൻ 2019 മേയ് 29-ാം തീയതി പ്രാബല്യത്തിലും അരൂർ നിയമസഭാ നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. എ. എം. ആരിഫ്, എറണാകുളം നിയമസഭാ നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡൻ 2019 മേയ് 31-ാം തീയതി പ്രാബല്യത്തിലും കേരള നിയമസഭയിൽ അവരുടെ അംഗത്വം രാജിവച്ചിരിക്കുന്ന വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിലെ 5-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധന പ്രകാരം ഞാൻ സഭയെ അറിയിക്കുന്നു.

റൂൾ 50 അവതരിപ്പിക്കുന്നത് സംബന്ധിച്ചോ ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണനോടോ ഉള്ള നിർദ്ദേശമല്ല ഇത്. സമയനിഷ്ഠ സംബന്ധിച്ചുള്ള ധാരണ നമ്മൾ വീണ്ടും തെറ്റിച്ചുകൊണ്ടിരിക്കുകയാണ്.

നേരത്തെ തീരുമാനിച്ചിരുന്നത്, സഭ ഒൻപത് മണിയിലേക്ക് മാറ്റുമ്പോൾ രണ്ട് മണിക്കെങ്കിലും അവസാനിപ്പിക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട സഭാംഗങ്ങൾ എല്ലാവരും സഹകരിക്കണമെന്നാണ്. സബ്മിഷനുകളും അവയുടെ മറുപടിയും ശ്രദ്ധക്ഷണിക്കലും മറുപടിയും നീണ്ടുപോകുന്ന നിർഭാഗ്യകരമായൊരു സാഹചര്യമുണ്ടാകുന്നുണ്ട്. അതുകൊണ്ട് നേരത്തെ നിശ്ചയിച്ചതുപോലെ സബ്മിഷനുകളുടെ ചോദ്യവും ഉത്തരവും ഒരു മിനിട്ടിൽ ഒതുക്കണം. സബ്മിറ്റ് ചെയ്യുക എന്നുള്ളതാണ് ഇതിന്റെ ഭാഗമായിട്ട് നടക്കേണ്ടത്. എഴുതി തയ്യാറാക്കിക്കൊടുക്കുക എന്നത് നമ്മൾ നേരത്തെ നിശ്ചയിച്ചിട്ടുള്ളതാണ്. ദയവായി ബഹുമാനപ്പെട്ട അംഗങ്ങൾ എല്ലാവരും സമയ ക്ലിപ്തത പാലിക്കണം. അതിലൊരു പ്രയാസമുണ്ടാവരുത്. അടിയന്തര പ്രമേയത്തിനും സമയ നിഷ്ഠ ആവശ്യമാണ്.